LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഷിബു ബേബി ജോൺ: സർ, ഇതെല്ലാം സെൻട്രൽ ആക്ടുകളാണ്. ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് വർക്കേഴ്സ് ആക്റ്റ് ആണെങ്കിലും കോൺട്രാക്ട് ലേബർ ആക്റ്റ് ആണെങ്കിലും നമുക്ക് ഭേദഗതി ചെയ്യാൻ സാധിക്കുന്നതല്ല. അത് മാത്രമല്ല ഇതിലെ ഒരു പ്രശ്നം അദ്ദേഹം തന്നെ സൂചിപ്പിച്ചതുപോലെ മുൻകാലങ്ങളിൽ ഇതിന്റെ ഏജന്റുമാർ/കോൺട്രാക്ടർമാർ പോയി ഒരു സംസ്ഥാനത്തുനിന്ന് ആളുകളെ കൊണ്ടുവന്ന് ജോലി ചെയ്യിപ്പിക്കുമായിരുന്നു. അതായിരുന്നു നമ്മുടെ കൺസെപ്റ്റ്. അങ്ങനെയാണ് കോൺട്രാക്ട് ലേബർ ആക്ട് വന്നത്. പക്ഷേ ഇന്ന് ആ കൺസെപ്റ്റ് മാറി. ഇപ്പോൾ റെഡ് ഓഫ് മൗത്ത് വച്ച് ചില സംസ്ഥാനങ്ങളിൽനിന്ന് തൊഴിലാളികൾ കൂട്ടത്തോടെ വരികയാണ്. ഒരു കോൺട്രാക്ടറുമില്ല, ഒരു ഇടനിലക്കാരനുമില്ല. അവർ സ്വമേധയാ കേരളത്തിൽ എത്തുകയാണ്. അത് നമുക്ക് തടസ്സപ്പെടുത്താൻ സാധിക്കില്ല. അത് ഞാൻ നേരത്തേ പറഞ്ഞതുപോലെ ഭരണഘടനാപരമായ അവകാശമാണ്. ആ നിലയിൽ വരുമ്പോഴാണ് ഈ റൂൾസ് ആപ്ലിക്കബിൾ അല്ലാതാകുന്നത്. ഇതെല്ലാംകൂടി കണക്കിലെടുത്തുകൊണ്ട് ഒരു പ്രത്യേക വെൽഫയർ കൊടുക്കാനും അതിൽ പങ്കാളിയാകുന്നതിന്റെ ഉത്തരവാദിത്തം തൊഴിലുടമയ്ക്കാണെന്ന നിലയിലുള്ള ആക്റ്റ് കൊണ്ടുവരാനുമാണ് ഉദ്ദേശിക്കുന്നത്. അത് വരുമ്പോൾ ഇവരുടെ ഡീറ്റെയിൽസ് എങ്കിലും നമ്മുടെ കയ്യിൽ കിട്ടും. അതുമായി മുന്നോട്ടുപോകാനുള്ള ഒരു കൺസെൻസസിനെക്കുറിച്ച് എല്ലാവരുമായി ചർച്ച ചെയ്ത് തീരുമാനിക്കാം.

IV സബ്മിഷൻ

1. കരാർ തൊഴിലാളികളെ പിരിച്ചുവിട്ടത് സംബന്ധിച്ച്

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: സർ, കോഴിക്കോട് വിമാനത്താവളത്തിൽ വർഷങ്ങളായി ജോലി ചെയ്തുവരുന്ന 220-ലധികം തൊഴിലാളികൾക്ക് ജോലി നിഷേധിക്കപ്പെട്ടിരിക്കുകയാണ്. എയർ ഇന്ത്യയുടെ ക്ലീനിംഗിന്റെയും ലോഡിംഗിന്റെയും കരാർ എടുത്ത പുതിയ കരാറുകാരൻ ഇവർക്ക് പാസ്സ് നൽകാത്തതുമൂലമാണ് തൊഴിലില്ലാതായത്. ഇവർ വർഷങ്ങളായി ജോലി ചെയ്തുവരുന്നവരും പരിസരവാസികളുമാണ്. ഈ വിമാനത്താവളം വരുന്നതിന് സ്വലവും വീടും ഉൾപ്പെടെനൽകി ത്യാഗംചെയ്ത ഇവർക്ക് ആകെ ലഭിക്കുന്നത് താഴെത്തട്ടിലുള്ള ഈ ജോലി മാത്രമാണ്. ഇവരെ ഒഴിവാക്കിക്കൊണ്ട് മറ്റുസംസ്ഥാനങ്ങളിൽനിന്ന് തൊഴിലാളികളെ ഇറക്കി ജോലി ചെയ്യിപ്പിക്കുകയാണ്. അതീവ സുരക്ഷയുള്ള എയർപോർട്ടിലെ ടെർമിനലിൽ അന്യസംസ്ഥാന തൊഴിലാളികൾക്ക് താമസമൊരുക്കി എയർപോർട്ട് ഡയറക്ടർ കരാറുകാരന്റെ അന്യായത്തിന് കൂട്ടുനിൽക്കുകയാണ്. അതുകൊണ്ടുതന്നെ ജോലി നിഷേധിക്കപ്പെട്ട തൊഴിലാളികൾക്ക് ജോലി നൽകണമെന്നുള്ളതാണ് എന്റെ സബ്മിഷനിലെ ആവശ്യം. ഈ തൊഴിലാളികൾക്ക് 370 രൂപയാണ് ദിവസ ശമ്പളമായി ഏതാണ്ട് രണ്ടുകൊല്ലമായി ലഭിച്ചുകൊണ്ടിരിക്കുന്നത്. ഈ കാലയളവിൽ 370 രൂപ കിട്ടിയാൽ ഒരു കുടുംബം എങ്ങനെ ജീവിക്കുമെന്നുള്ളത് നമ്മൾ ചിന്തിക്കേണ്ടതാണ്. മാത്രമല്ല, ജോലിക്ക് എത്തേണ്ടസമയം തീരുമാനിച്ചിട്ടുണ്ടെങ്കിലും എപ്പോഴാണ് ജോലി അവസാനിക്കുക എന്ന്

തീരുമാനിക്കാതെയാണ് ദിവസം മുഴുവനും ജോലിയെടുക്കുന്നത്. കൂലി കൂട്ടിനൽകണമെന്ന് തൊഴിലാളികൾ ആവശ്യപ്പെട്ടിരുന്നു. അതുകൊണ്ടാണ് എയർപോർട്ടിലേക്ക് കടക്കാൻ പാസ്സ് പുതുക്കി നൽകാത്തത്. ഇക്കഴിഞ്ഞ ജൂലൈ 8 ചൊവ്വാഴ്ച വിമാനത്താവള വികസനത്തിനുവേണ്ടി 29 പുരയിടങ്ങളിലുള്ള സ്ഥലമേറ്റെടുക്കുന്നതിന് പത്രത്തിൽ വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. ഈ സ്ഥലങ്ങളൊക്കെ ഈ തൊഴിലാളികളുടേതും അവരുടെ സ്നേക്കാരുടേതുമാണ്. ഇതിനുവേണ്ടി സമരം കൂടുതൽ എടുക്കേണ്ടത് പള്ളിക്കൽ ഗ്രാമപഞ്ചായത്തിൽ നിന്നാണ്. കോഴിക്കോട് വിമാനത്താവളത്തിൽ വർഷങ്ങളായി ജോലി ചെയ്തുവരുന്ന 220 കരാർത്തൊഴിലാളികൾക്ക് ജോലി നിഷേധിച്ച എയർ ഇന്ത്യയുടെ നടപടി പ്രതിഷേധാർഹമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: സർ, വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: രണ്ടര മിനിട്ട് കഴിഞ്ഞു. ഇന്നലെ അങ്ങ് സഭയിൽ ഇല്ലായിരുന്നോ?

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: ഞാൻ ഈ സഭയിൽ വളരെക്കുറച്ച് സംസാരിക്കുന്ന ആളാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: അതല്ല. ഒരു സബ്മിഷന് ഇത്ര സമയം എന്നുണ്ട്.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: സർ, വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. തദ്ദേശവാസികൾക്ക് ജോലി നിഷേധിച്ചതിനുപുറമേ വിമാനത്താവള വികസനത്തിനായി ഭൂമി ഏറ്റെടുക്കാൻ വിജ്ഞാപനം പുറപ്പെടുവിച്ച് ജനങ്ങളെ അധികൃതർ വെല്ലുവിളിക്കുകയാണ്. എയർ ഇന്ത്യയുടെ നടപടി തിരുത്തി തൊഴിലാളികൾക്ക് ജോലിയും മാന്യമായ കൂലിയും നൽകാൻ തയ്യാറാകണമെന്നും ഭൂമി ഏറ്റെടുക്കാൻ പുറപ്പെടുവിച്ച വിജ്ഞാപനം റദ്ദാക്കണമെന്നും പള്ളിക്കൽ ഗ്രാമപഞ്ചായത്ത് സമിതി ഐക്യകണ്ഠേന ആവശ്യപ്പെടുന്ന ഒരു തീരുമാനമാണ്. അതുപോലെതന്നെ വളരെ കുറഞ്ഞ തുകയ്ക്ക് ജോലി ചെയ്തുവരുന്ന ഐ.എൻ.ടി.യു.സി., സി.ഐ.ടി.യു., എസ്.ടി.യു. തുടങ്ങിയ യൂണിയനുകളുടെ 220-ലധികം തൊഴിലാളികൾ പട്ടിണിയിലാണ്. തൊഴിലാളികളുടേയും കുടുംബങ്ങളുടേയും സമരം ഒരു ക്രമസമാധാന പ്രശ്നമായി വളർന്നിട്ടുണ്ട്. അതുകൊണ്ട് ശക്തമായ നടപടി സ്വീകരിച്ചുകൊണ്ട് തൊഴിൽ നഷ്ടപ്പെട്ട കരാർത്തൊഴിലാളികൾക്ക് കോഴിക്കോട് വിമാനത്താവളത്തിൽ ജോലി നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്തിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ മുഹമ്മദുണ്ണി ഹാജി പറഞ്ഞതുപോലെ അദ്ദേഹം വളരെ കൂടുതൽ സംസാരിക്കുന്ന ആളല്ല. അദ്ദേഹം വളരെ ശാന്തനുമാണ്. ഈ പ്രശ്നത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹം വളരെ വികാരാധീനനാണ്. അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽ വളരെയേറെ തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെട്ടതിനെക്കുറിച്ച് എന്നോടുതന്നെ വളരെ വികാരാധീനനായാണ് അദ്ദേഹം സംസാരിച്ചത്. ഈ പ്രശ്നം അദ്ദേഹവും യൂണിയനുകളും എന്റെയടുത്ത് റെപ്രസെന്റ് ചെയ്തിരുന്നു. ഞാൻ കോൺട്രാക്ടുമായി ബന്ധപ്പെട്ടവരെ നേരിട്ട് വിളിച്ച് സംസാരിച്ചു. അവർ ഏറ്റവും വേഗത്തിൽ ഒരു പരിഹാരമുണ്ടാക്കാമെന്നാണ് പറഞ്ഞിരിക്കുന്നത്. എയർ ഇന്ത്യ അവിടത്തെ റൊട്ടേറിംഗ് ജോലികൾ കോൺട്രാക്ട് കൊടുത്തിരിക്കുകയാണ്. ആ കോൺട്രാക്ടറീന്യൂ ജൂൺ 30-ന് തീർന്നു. ജൂലൈ 1-ന് പുതിയ കോൺട്രാക്ട് വന്നു. അദ്ദേഹം നെഗോസിയേഷൻസ് ഒക്കെ നടത്തി. ഇതിന്റെ ഓപ്പറേഷൻസ് ആരംഭിക്കാൻ ജൂലൈ 15-വരെ സമയം വേണമെന്ന് പറഞ്ഞിരിക്കുകയാണ്. ജൂലൈ 1 മുതൽ 15 വരെ എയർ ഇന്ത്യ ഇപ്പോൾ സ്വന്തമായി താൽക്കാലിക ഏർപ്പാടുണ്ടാക്കിയിരിക്കുകയാണ്. ജൂലൈ 15-നകം ഇതിനൊരു പരിഹാരം ഉണ്ടാക്കി നേരത്തേ തൊഴിലെടുത്തവരുടെ താല്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് ഒരു തീരുമാനം ഉണ്ടാക്കാനാണ് ശ്രമിക്കുന്നത്. അതിനുള്ള എല്ലാ ശ്രമങ്ങളും നടത്തും. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പ്രകടിപ്പിച്ച വികാരം പൂർണ്ണമായും ഉൾക്കൊള്ളുന്നു. ഇതിന് പരിഹാരമുണ്ടാക്കാൻ ശ്രമിക്കുമെന്ന് ഉറപ്പ് നൽകുന്നു.

2. പ്രതിയെ അറസ്റ്റ് ചെയ്യൽ

ശ്രീ. മാത്യു റ്റി. തോമസ്: സർ, എന്റെ മണ്ഡലത്തിലെ കല്ലൂപ്പാറ ദേവീക്ഷേത്രത്തിൽ 2012 ജൂലൈ മാസം 4-ാം തീയതി വെളുപ്പിന് അവിടെ താമസിച്ചിരുന്ന ഒരു അന്തേവാസിയെ കൊലപ്പെടുത്തിക്കൊണ്ട് ക്ഷേത്രത്തിൽ കവർച്ച നടത്തുകയും 20 പവനോളം വരുന്ന സ്വർണ്ണത്താഴികക്കുടം മോഷ്ടിക്കുകയും ചെയ്തു. ആ ദിവസംതന്നെ നിയമസഭയിൽ ഈ വിഷയം ഉന്നയിക്കുകയും അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സഭവം സന്ദർശിക്കുകയും പോലീസ് വളരെ ഊർജ്ജിതമായി പ്രവർത്തിക്കുകയും കുറേയധികം പ്രതികളെ പിടികൂടുകയുമുണ്ടായി. ക്ഷേത്ര കമ്മിറ്റി എനിക്ക് നൽകിയ കത്തുപ്രകാരം ആ കുറ്റകൃത്യത്തിലെ പ്രധാന കണ്ണിയായ (ഒന്നാം പ്രതി എന്നാണ് അവർ പറഞ്ഞത്) പ്രതിപ്പട്ടികയിൽ ചേർക്കപ്പെട്ടിരിക്കുന്ന അജി എന്ന ആൾ ആ പ്രദേശത്തിന്റെ കിഴക്ക് ഭാഗങ്ങളിൽ ഇപ്പോൾ ജോലി ചെയ്യുന്നുണ്ട്. അദ്ദേഹത്തെ ഇതുവരെയും പിടികൂടിയിട്ടില്ല. ഇതുമാത്രമല്ല, സ്വർണ്ണത്താഴികക്കുടത്തിന്റെ കുറച്ചുഭാഗം മാത്രമേ പിടിച്ചെടുക്കാൻ സാധിച്ചുള്ളൂ. ബഹുഭൂരിപക്ഷം സ്വർണ്ണവും നഷ്ടപ്പെട്ടിരിക്കുകയാണ്. ഇപ്പോൾ ഒരന്വേഷണവും നടക്കുന്നില്ല. അതുകൊണ്ട് ഈ അന്വേഷണം ഊർജ്ജിതപ്പെടുത്തി പ്രധാന പ്രതിയായ അജിയെ പിടികൂടാൻ നടപടി സ്വീകരിക്കണമെന്നും നഷ്ടപ്പെട്ട സ്വർണ്ണം ആ ക്ഷേത്രത്തിന് തിരികെ വാങ്ങിക്കാൻ വേണ്ടതായ നടപടി സ്വീകരിക്കണമെന്നുമാണ് ഞാൻ അഭ്യർത്ഥിക്കുന്നത്. ഇപ്പോഴത്തെ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിക്ക് വൈകാരികമായി വളരെയധികം ബന്ധമുള്ള ഒരു ക്ഷേത്രംകൂടിയാണത്. ഊർജ്ജിതമായ ഒരു നടപടി ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly